# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2583 06/12/2018 ൽ മറുപടിയ്ക്ക്

### പ്രളയം മൂലം സഹകരണ ബാങ്കുകൾക്കുണ്ടായ നാശനഷ്ടം

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം | | മറുപടി<br>ശ്രീ.കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | പ്രളയം മൂലം സംസ്ഥാനത്തെ സഹകരണ ബാങ്കുകൾക്ക് എന്തൊക്കെ നാശനഷ്ടങ്ങളാണ് ഉണ്ടായിട്ടുള്ളത്; എത്ര കോടി രൂപയാണ് ഇതുവഴി നഷ്ടമായത്; | എ) | പ്രളയം മൂലം സംസ്ഥാനത്തെ സഹകരണ ബാങ്കുകൾക്ക് അവയുടെ ആഫീസ് കെട്ടിടങ്ങൾ, ഗോഡൗണുകൾ, ലോക്കറുകൾ, കൗണ്ടറുകൾ, കമ്പ്യൂട്ടറുകൾ, ഫർണിച്ചർ, വാഹനങ്ങൾ, വൈദ്യുതീകരണ സാമഗ്രികൾ, സി.സി.റ്റി.വി, ഫോട്ടോസ്റ്റാറ്റ് മെഷീൻ, ബുക്സ്, രജിസ്റ്ററുകൾ, പ്രാഥമിക ബാങ്കിന്റെ കൺസ്യൂമർ സ്റ്റോറിൽ സൂക്ഷിച്ചിരുന്ന ഉപഭോക്തൃ സാധനങ്ങൾ, കാർഷിക വളം, കൊയ്ത്ത് മെതി യന്ത്രം, റബ്ബർ ഷീറ്റുകൾ, നീതി സ്റ്റോറുകളിൽ സൂക്ഷിച്ചിരുന്ന മരുന്നുകൾ തുടങ്ങിയവ ഉൾപ്പെടുന്ന വിവിധങ്ങളായ സാധന സാമഗ്രികളുടെ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്.<br>ഇതുവഴി സംസ്ഥാനത്തെ പ്രാഥമിക സഹകരണ ബാങ്കുകൾക്ക് മാത്രമായി ആകെ 22.188 കോടി രൂപയുടെ നഷ്ടവും സഹകരണ ബാങ്കുകൾ ഉൾപ്പെടെയുള്ള വിവിധ സഹകരണ സ്ഥാപനങ്ങൾക്ക് ആകെ 33.69 കോടി രൂപയുടെ നാശനഷ്ടവും ഉണ്ടായിട്ടുണ്ട്. |
| ബി) | സഹകരണ ബാങ്കിൽ നിന്നും വായ്പ എടുത്ത് പ്രളയത്താൽ ദുരിതമനുഭവിക്കുന്നവർക്ക് തിരിച്ചടവിന് സാവകാശം നൽകാൻ എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | ബി) | ഉണ്ട്. സഹകരണ ബാങ്കിൽ നിന്നും വായ്പ എടുത്തിട്ടുള്ള അംഗങ്ങളുടെ കാർഷിക കടങ്ങൾക്ക് 31.07.2018 മുതൽ ഒരു വർഷത്തേയ്ക്ക് മോറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. പ്രളയബാധിത പ്രദേശമായി സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പ്രദേശങ്ങളിലെ അംഗങ്ങൾ എടുത്തിട്ടുള്ള കാർഷിക കടങ്ങൾക്കാണ് പ്രസ്തുത ആനുകൂല്യം ലഭിക്കുന്നത്. മോറട്ടോറിയം കാലാവധിയിൽ പിഴപ്പലിശ ഈടാക്കുന്നതല്ല. മോറട്ടോറിയം കാലാവധിയിൽ നിലവിലുള്ള നിശ്ചിത നിരക്കിലുള്ള പലിശ ബന്ധപ്പെട്ട സഹകരണ സംഘം/ബാങ്കിന് |

| | | | |
|---|---|---|---|
| | | | മോറട്ടോറിയം കാലാവധിക്ക് ശേഷം ഈടാക്കാവുന്നതാണ്. എന്നാൽ സഹകരണ സ്ഥാപനം/ബാങ്ക് സ്വന്തം ഫണ്ട് ഉപയോഗിച്ച് നൽകുന്ന വായ്പകളുടെ മേൽ കാലയളവിലുള്ള പലിശ അതാത് സ്ഥാപനങ്ങളുടെ ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമെങ്കിൽ ഇളവ് ചെയ്തു കൊടുക്കാവുന്നതാണ്. |
| സി) | ബാങ്കുകൾക്ക് വെള്ളപ്പൊക്കം മൂലം ഉണ്ടായ നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം ലഭിക്കാൻ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | സി) | വെള്ളപ്പൊക്കത്തിൽ നാശനഷ്ടങ്ങൾ ഉണ്ടായ സഹകരണ ബാങ്കുകളുടെ പുനരുദ്ധാരണത്തിനായി ലഭിച്ച ശുപാർശകളിന്മേൽ ധനസഹായം അനുവദിക്കുന്നത് സംബന്ധിച്ച നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ.